പോലീസ് വകുപ്പിലെ പട്ടികജാതി-പട്ടികവർഗ്ഗക്കാരായ ഡി.വൈ.എസ്.പി. മാർ

778. ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് വകുപ്പിൽ ആകെ എത്ര ഡി. വൈ. എസ്. പി. മാരുണ്ട് ;

(ബി) അതിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരെത്ര ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യം തികയ്ക്കാൻവേണ്ടി ഇവരുടെ സ്പെഷ്യൽ റിക്രൂട്ട്മെൻറ് നടത്തിയിട്ടുണ്ടോ ;

(ഡി) ഇതിൽനിന്ന് ഇതുവരെയായി എത്രപേരെ നിയമിച്ചു ;

(ഇ) ബാക്കിയുള്ളവരെ നിയമിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 147
(ബി) 15
(സി) ഉണ്ട്.
(ഡി) 9

(ഇ) ഇപ്പോഴത്തെ 10%-ൽ കൂടുതൽ പ്രാതിനിധ്യമുണ്ടെങ്കിലും ഒരാളെക്കൂടി നിയമിക്കുവാൻ വേണ്ട നടപടി എടുത്തുവരുന്നു.

ഭാരതബന്ദിനോടനുബന്ധിച്ച് തിരുവല്ലയിൽ നടന്ന അറസ്റ്റ്

799 ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാരത് ബന്ദ് നടന്ന ദിവസം തിരുവല്ല ടൗണിൽ പ്രകടനം നടത്തിയവരെ പോലീസ് അറസ്റ്റ് ചെയ്യുകയുണ്ടായോ ;

(ബി) എങ്കിൽ എത്ര പേരെ അറസ്റ്റു ചെയ്തു ;

(സി) ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ;

(ഡി) തിരുവല്ല താലൂക്ക് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി ആഫീസിലിരുന്നവരെ പോലീസ് അറസ്റ്റ് ചെയ്തത് കേസിൽപ്പെടുത്തിയ കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ടായി

(ബി) 31 പേരെ

(സി) ഇന്ത്യൻ ശിക്ഷാനിയമം 143, 147, 148, 149, 336, 447, 427 എന്നീ വകുപ്പുകൾ പ്രകാരം ഒരു കേസും ഐപിസി 143, 147, 148, 149, 332 എന്നീ വകുപ്പുകൾ പ്രകാരം മറെറാരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly